ശ്രീ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2840

13.07.2015-ൽ മറുപടി നൽകേണ്ടത്

## മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ഒന്നിൽ കൂടുതൽ എം.എ.സി.റ്റി ഏതെങ്കിലും ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; | : (എ) എല്ലാ ജില്ലകളിലും എം.എ..സി.റ്റി കോടതികൾ പ്രവർത്തിക്കുന്നുണ്ട് കാസർഗോഡ്, ഇടുക്കി ജില്ലകളിൽ പ്രത്യേക എം.എ.സി.റ്റി കോടതികളില്ല. എന്നാൽ ഇവിടെ പ്രിൻസിപ്പൽ ജില്ല കോടതിയും I[st] അഡീഷണൽ ജില്ല കോടതിയും എം.എ.സി.റ്റി കോടതിയായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) കാസർഗോഡ് ജില്ലയിൽ ഇതുവരെ എം.എ.സി.റ്റി സ്ഥാപിക്കാത്തതിന്റെ കാരണമെന്താണ്; ഈ ജില്ലയിൽ എം.എ.സി.റ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ? | : (ബി) കാസർഗോഡ് ജില്ലയിൽ എം.എ.സി.റ്റി കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയും ഇതുണ്ടാക്കുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് തുടങ്ങാൻ നിർവ്വാഹമില്ലെന്ന് ഹൈക്കോടതിയെ അറിയിക്കുകയുമുണ്ടായി. തുടർന്ന് ഹൈക്കോടതി വീണ്ടും സർക്കാരിലേക്ക് കോടതി തുടങ്ങുന്നത് സംബന്ധിച്ച് ശുപാർശ നൽകിയത് പരിശോധിച്ചു വരുന്നു. |

Rema.V

സെക്ഷൻ ഓഫീസർ